# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ സൗകര്യ വികസനവും പാരിസ്ഥിതിക പഠനവും

76 ശ്രീ. എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) പ്രസ്തുത തുറമുഖത്തിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തിക്ക് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) വിഴിഞ്ഞം പദ്ധതി സംബന്ധിച്ച പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഈ പദ്ധതി എന്ന് പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

77 ശ്രീ. വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സി. കെ. സദാശിവൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതി നടപ്പാക്കാൻ യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെയാണ്; കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാതിരുന്നതിനാൽ ഏതെങ്കിലും കമ്പനിക്ക് അയോഗ്യത ഉണ്ടായിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കാൻ യോഗ്യത നേടിയ കമ്പനിയുടെ സാമ്പത്തിക ടെണ്ടർ തുറന്നുവോ; തുടർന്ന് വിലപേശൽ നടത്തുകയുണ്ടായോ; ഇതിനായി ചുമതലപ്പെടുത്തിയ നാലംഗ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വില പേശൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രവർത്തന പങ്കാളിയെ അന്തിമമായി തീരുമാനിക്കുകയുണ്ടായോ; അവരുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; തന്നാണ്ടിൽ ബജറ്റിൽ ഇതിനായി വകയിരുത്തിയ തുകയിൽ ഇതിനകം എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചേർത്തല മേഖലയിലെ തുറമുഖ വികസന പ്രവർത്തനങ്ങൾ</u>

78 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം ചേർത്തല മണ്ഡലത്തിൽ തുറമുഖ വകുപ്പിനു കീഴിൽ വരുന്ന ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു; പ്രസ്തുത പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായി; വിശദമാക്കുമോ;

(ബി) കടലോര മേഖലകളുടെയും ഉൾനാടൻ ജലമേഖലകളുടെയും വികസനം ലക്ഷ്യമിട്ട് തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത്തരം പദ്ധതികൾ ഏതെങ്കിലും ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സുനാമി പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ തീരദേശ നിവാസികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ റോഡുകളുടെ നിർമ്മാണം, നവീകരണം, വീതി കൂട്ടൽ പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം മുതലായ ഏതെല്ലാം പ്രവൃത്തികൾ ഈ സർക്കാർ വന്നതിനു ശേഷം തുറമുഖ വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

79 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗം പ്രദേശത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിലേക്കായുള്ള സാദ്ധ്യതാപഠനം എന്നാണ് ആരംഭിക്കുന്നതെന്നും, അതിലേക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സാദ്ധ്യതാപഠനം നടത്തുന്നത് ഏത് ഏജൻസിയാണെന്നും പഠനത്തിൽ എന്തൊക്കെ വിവരങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വെളിവാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം

80 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്തകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റ എൻവയോൺമെന്റ് ക്ലിയറൻസ് ഈ പദ്ധതിക്ക് ആവശ്യമുണ്ടോ;

(സി) എങ്കിൽ ക്ലിയറൻസ് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ലിയറൻസ് ലഭ്യമാക്കി എപ്പോൾ പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

### തോട്ടപ്പള്ളിയിലേയും പുന്നപ്രയിലെയും ഫിഷിംഗ് ഹാർബറുകൾ

81 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, മണ്ണടിഞ്ഞ് ബോട്ടുകൾക്ക് അടുക്കുവാൻ കഴിയാത്ത അവസ്ഥയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രെഡ്ജ് ചെയ്ത് മണ്ണു മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വികസനത്തിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2006-2011 കാലത്ത് ധനകാര്യമന്ത്രി പ്രഖ്യാപിച്ച പുന്നപ്രയിലെ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം ഏതു ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

കോഴിക്കോട് വെള്ളയിലെ മിനി ഫിഷിംഗ് ഹാർബർ

82 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) പ്രസ്തുത ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച് വകുപ്പ് ഫയൽ നമ്പർ അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ വാർഫ് നിർമ്മാണം</u>

83

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എലത്തൂർ മണ്ഡലത്തിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ നിലവിലുള്ള വാർഫിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ വാർഫ് നിർമ്മിക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചെറുവത്തൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

84 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഈ ഹാർബറിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പുതിയ പദ്ധതികൾ</u>

85 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പു**
സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാനപ്പെട്ട പ്രോജക്ടുകൾ എന്തെല്ലാമാണ്;

(ബി) 2010-11 സാമ്പത്തികവർഷം, കോർപ്പറേഷൻ എത്ര കോടി രൂപയുടെ പദ്ധതിയാണ് ഏറ്റെടുത്ത് നടത്തിയത്; പദ്ധതികളുടെ പ്രവർത്തന പുരോഗതി സർക്കാർതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കോർപ്പറേഷൻ അടുത്ത സാമ്പത്തിക വർഷത്തേക്ക് പുതിയ പദ്ധതികൾ സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കുവാനാകും; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>അനധികൃത മത്സ്യബന്ധനം</u>

86 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കൃഷിമന്ത്രാലയം നൽകുന്ന ലെറ്റർ ഓഫ് പെർമിറ്റ് ദുരുപയോഗപ്പെടുത്തി വിദേശമത്സ്യബന്ധനക്കപ്പലുകൾ നമ്മുടെ സമുദ്രാതിർത്തിയിൽ നിന്നും മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ശ്രീ. എം.എം. മോനായി ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിന്മേലുള്ള തുടർനടപടി

87 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. എം.എം. മോനായി ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യമേഖലയ്ക്കായി സർക്കാർ കൈക്കൊണ്ട നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമോ; എങ്കിൽ ഏത് കാലയളവിനുള്ളിൽ നടപ്പാക്കും എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത നടപടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യമേഖലാവളർച്ചയും മത്സ്യബന്ധന - തുറമുഖ വകുപ്പുകൾ ഏകീകരിക്കുന്നതിനുമുള്ള പദ്ധതികൾ</u>

88 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) മത്സ്യബന്ധന - തുറമുഖ വകുപ്പുകൾ ഏകീകരിച്ച് ഒരു ഡയറക്ടറുടെ കീഴിലാക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

ആഴക്കടൽ മത്സ്യബന്ധനവും ആധുനിക സാങ്കേതിക വിദ്യയും

89 ശ്രീ. സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ നടപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>താനൂരിലെ മത്സ്യഗ്രാമം പദ്ധതി</u>

90 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യഗ്രാമം പദ്ധതി നടപ്പാക്കുന്ന വില്ലേജുകളിലൊന്ന് മലപ്പുറം ജില്ലയിലെ താനൂർ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) താനൂരിൽ പദ്ധതിയുടെ പ്രഥമ ഘട്ടമായ ഭവന നിർമ്മാണ പ്രവൃത്തിക്ക് എന്ന് തുടക്കം കുറിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>മണ്ണെണ്ണ ദൗർലഭ്യം</u>

91 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മണ്ണെണ്ണ, ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര മത്സ്യബന്ധന യാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിലേക്കായി എത്ര ലിറ്റർ മണ്ണെണ്ണയാണ് ഒരു മാസം ആവശ്യമായി വരുന്നതെന്നും ഇതുമുഴുവൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണോ ലഭ്യമാക്കുന്നതെന്നും അറിയിക്കുമോ;

(സി) സപ്ലൈകോ വഴി ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് കരിഞ്ചന്തയെ ആശ്രയിക്കേണ്ടിവരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധനമേഖലയിലെ മണ്ണെണ്ണ ക്ഷാമം</u>

92 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയിൽ നേരിടുന്ന മണ്ണെണ്ണ ക്ഷാമത്തിന് പരിഹാരമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത സംഘങ്ങൾക്ക് റീട്ടെയിൽ ലൈസൻസും എക്സ്പ്ലോസ്സീവ് ലൈസൻസും നൽകിയാൽ കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം

93 ശ്രീ. വി. എസ്. സുനില്‍കുമാര്‍
,, ഇ. ചന്ദ്രശേഖരന്‍
,, കെ. അജിത്
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) മത്സ്യത്തൊഴിലാളി മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പഠനം നടത്താന്‍ നിയോഗിച്ചിരുന്ന വിദഗ്ധ സമിതി 2010 ഡിസംബറില്‍ സര്‍ക്കാരിന് സമര്‍പ്പിച്ച റിപ്പോര്‍ട്ടിലെ പ്രധാന ശുപാര്‍ശകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍ നടപ്പാക്കുന്നതിന് ഈ സര്‍ക്കാര്‍ ഇതുവരെ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിദഗ്ധ സമിതി റിപ്പോര്‍ട്ട് നടപ്പാക്കാത്ത സാഹചര്യത്തില്‍ താറുമാറായിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുള്ള നടപടികൾ</u>

94 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി മത്സ്യബന്ധനയാനങ്ങളിൽ അവയുടെ മതിയായ രേഖകൾ സൂക്ഷിക്കേണ്ടതിന്റേയും ജീവനക്കാരുടേയും തൊഴിലാളികളുടേയും കൈവശം തിരിച്ചറിയൽ കാർഡ് കരുതേണ്ടതിന്റേയും ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ നൽകുന്നതിനുള്ള നടപടികൾ</u>

95 ശ്രീ. എസ്. ശർമ്മ
,, ബി. സത്യൻ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ നൽകുന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കപ്പൽ വഴിയും മറ്റുമുള്ള ആക്രമണങ്ങൾ ഉണ്ടായേക്കാമെന്ന കാരണത്താൽ മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങാൻ ഭയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശ കപ്പലുകൾ ഏറെയും തീരത്തിനടുത്ത് കൂടി സഞ്ചരിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതിനാൽ കരയിൽ നിന്നും നിശ്ചിത നോട്ടിക്കൽ മൈൽ ഏരിയയിൽ സ്വതന്ത്രമായി മത്സ്യബന്ധനം നടത്താവുന്ന നിലയിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ കടൽയാത്ര ഔദ്യോഗികമായി അറിയിക്കുന്നതിനുള്ള സംവിധാനം</u>

96 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായൽ വഴിയും കടൽ തീരത്തു നിന്നും ചെറുബോട്ടുകളിലും വള്ളങ്ങളിലും മത്സ്യബന്ധനത്തിനായി കടലിലേക്ക് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ യാത്ര ഔദ്യോഗികമായി അറിയിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മത്സ്യബന്ധനബോട്ടുകളിലെ വാർത്താ വിനിമയ സംവിധാനം

97 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിനായി പോകുന്ന ബോട്ടുകളിൽ ആധുനിക സ്ഥലനിർണയ ഉപകരണങ്ങളും വാർത്താ വിനിമയ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷ</u>

98 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിയേറ്റ് മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടേയും മത്സ്യബന്ധനയാനങ്ങളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തീരദേശ മേഖലയിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയോ എന്നറിയിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം

99 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇപ്പോൾ നൽകുന്ന ധനസഹായം എത്ര രൂപയാണെന്ന് വെളിപ്പെടുത്താമോ;

(ബി) മത്സ്യത്തൊഴിലാളികൾ ക്ഷേമനിധിയിൽ ചേർന്നില്ലെങ്കിൽ പ്രസ്തുത ആനുകൂല്യം ലഭിക്കില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് പ്രസ്തുത ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>തവനൂർ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ</u>

100 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ധാരാളം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശ മേഖലയായ തവനൂർ നിയോജകമണ്ഡലത്തിൽ ഒരു ഫിഷറീസ് ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഏലത്തൂരിലെ തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണി</u>

101 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പെട്രോനെറ്റ് എൽ.എൻ.ജി.യുടെ പവർ സ്റ്റേഷൻ</u>

102 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷനിലുള്ള പാരിസ്ഥിതിക ദുർബല പ്രദേശമായ ഭൂമി പെട്രോനെറ്റ് എൽ.എൻ.ജി.ക്കുവേണ്ടി പവർസ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുകയില്ലായെന്ന് ഉറപ്പുനൽകിയിരുന്നോ;

(ബി) ഇത് സംബന്ധിച്ച് നിയമസഭാംഗങ്ങൾക്ക് നൽകിയ ഉറപ്പ് പാലിക്കുവാൻ തയ്യാറാകുമോ; പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ ഭൂമി പദ്ധതി പ്രദേശത്തിന് സമീപത്ത് തന്നെ ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്ന പദ്ധതി</u>

103 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും വീട് നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതി സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്

104 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് ഫിഷറീസ് വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കുമോ; 2012-13 സാമ്പത്തിക വർഷം എന്ത് തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയ്ക്ക് വിരുദ്ധമായി ജപ്തി നടപടി

105 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തശേഷവും ഏതെങ്കിലും സ്ഥാപനം ജപ്തി നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും മത്സ്യത്തൊഴിലാളി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണെന്നും, ഏത് തൊഴിലാളിയാണെന്നും, ഏത് സ്ഥാപനമാണ് ജപ്തി നടപടികൾ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിഗണനയിലി
രിക്കുന്ന വൈപ്പിൻ മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകൾ

106

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകളിൽ വൈപ്പിൻ മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകളിന്മേൽ ഇനിയും അന്തിമ തീരുമാനം എടുക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിന്മേൽ അന്തിമ തീരുമാനം എപ്പോൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി

107

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്ക് 2012 -13 ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; കൊയിലാണ്ടി മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ട എത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പഞ്ഞമാസങ്ങളിൽ നൽകേണ്ടുന്ന സമാശ്വാസം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്</u>

108 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെ മക്കൾക്കും നൽകുന്നുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും മത്സ്യമേഖലയിലെ അനുബന്ധതൊഴിലിൽ ഏർപ്പെടുന്നവരുടെ മക്കൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ശ്രീ. ആന്റണി. കെ.എക്സ്, കരിയിൽ വീട്, ആർത്തുങ്കൽ. പി.ഒ എന്നയാൾ തന്റെ കുട്ടിയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കാത്തതു സംബന്ധിച്ച് നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെ ഭൂമി കൈമാറ്റം</u>

109 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെ ഭൂമി കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് കൈമാറ്റത്തിനായി ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൈമാറ്റം ചെയ്യുന്ന ഭൂമിക്ക് പകരമായി സ്ഥലം നൽകുവാൻ തീരുമാനമുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് പകരമായി നൽകുന്നത്; പ്രസ്തുത ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വയനാട് വിമാനത്താവള പദ്ധതി</u>

110 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് വിമാനത്താവള പദ്ധതിക്കായി പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസി ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഓഹരി വിൽപ്പന</u>

111 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയുടെ എത്ര ഓഹരികൾ ഇതിനോടകം വിറ്റഴിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓഹരി വിൽപ്പനയിലൂടെ എത്രതുകയാണ് ഇതിനോടകം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓഹരി ഉടമകൾക്ക് ഷെയർ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഓഹരി ഉടമകൾക്ക് ഇതിനോടകം ഷെയർ സർട്ടിഫിക്കറ്റുകൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഹരി ഉടമകളുടെ ഒരു പൊതു യോഗമെങ്കിലും ഇതിനോടകം വിളിച്ചുകൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവള പദ്ധതിയ്ക്കുള്ള സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം

112 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ഒന്നാംഘട്ട, രണ്ടാംഘട്ട, മൂന്നാംഘട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചത് എന്നാണെന്നും ഒന്നാംഘട്ട, രണ്ടാംഘട്ട വിജ്ഞാപനങ്ങൾ പ്രകാരം ഓരോ ഘട്ടത്തിലും എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുത്തതിന് ഓരോ ഘട്ടത്തിലും ആകെ എത്ര തുക സ്ഥലവിലയായി നൽകിയെന്നും തുക എപ്പോഴാണ് നൽകിയതെന്നും അറിയിക്കുമോ ;

(സി) മൂന്നാംഘട്ടമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചത്;

(ഡി) മൂന്നാംഘട്ട വിജ്ഞാപനത്തിലൂടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) മൂന്നാംഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതിനോടകം ഏതെങ്കിലും വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ;

(ജി) മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കേണ്ട ഭൂമിവില സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കുവാനും സ്ഥലം ഏറ്റെടുക്കുവാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(എച്ച്) ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഏറ്റെടുത്ത ഭൂമി എപ്പോഴാണ് കെ.ഐ.എ.എൽ. ന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

(ഐ) 2011 ജൂൺ 1 ന് ശേഷം നാളിതുവരെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിനായുള്ള സർവ്വേ</u>

113 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുള്ള സർവ്വേ നടത്തുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചത് ;

(ബി) സർവ്വേ നടത്തുവാൻ പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ചത് എന്നാണെന്നും എന്ത് അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) സർവ്വേ നടത്തുവാനുള്ള സാങ്കേതിക മികവും പരിജ്ഞാനവും പ്രസ്തുത ഏജൻസിക്ക് സ്വന്തമായുണ്ടോയെന്നും മറ്റേതെങ്കിലും ഏജൻസികൾക്ക് സബ് കോൺട്രാക്റ്റ് നൽകുന്നതാണോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരമൊരു സർവ്വേ നടത്തുവാനുള്ള സംവിധാനങ്ങളില്ലാത്ത ഏജൻസിയെ സർവ്വേ നടത്തുവാൻ ഏൽപ്പിച്ചത് എന്തിനാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കണ്ണൂര്‍ വിമാനത്താവളത്തിന്റെ ഓഹരി തിരിച്ചു നല്കിയത് സംബന്ധിച്ച്</u>

114 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ വിമാനത്താവളത്തിന്റെ ഓഹരി വാങ്ങിയവരില്‍ ആരെങ്കിലും ഓഹരി തിരിച്ചു നല്‍കുന്നതിന് അപേക്ഷ നല്‍കിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ എത്രപേര്‍ ഇതിനായുള്ള അപേക്ഷ നല്‍കിയെന്നും ആര്‍ക്കൊക്കെ ഓഹരി തിരിച്ചുനല്‍കിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവള പദ്ധതി

115 ശ്രീ. എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സാധാരണ ജനങ്ങൾക്കും പദ്ധതിയുടെ ഓഹരി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) പദ്ധതിയുടെ ആദ്യഘട്ടം എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>'മദ്യവിമുക്ത കേരളം'</u>

116 ശ്രീ. കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് □മദ്യവിമുക്ത കേരളം□ പരിപാടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണ പ്രചാരണം തീവ്രമാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കുവാൻ നടപടി**

117 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് വിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഏതെല്ലാം തരം കേസ്സുകളാണ് ഈ വിഭാഗം അന്വേഷിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>എക്സൈസ് അക്കാഡമി</u>

118 ശ്രീ. വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് അക്കാദമി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അക്കാദമി എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

119 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ മദ്യത്തിന്റെ വിൽപ്പന തടയുന്നതിനു വേണ്ടി ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; ഔട്ട്ലെറ്റ് മാറ്റുന്നതിനു വേണ്ടി കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ നിന്നുമുള്ള പരാതിയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ നിയമനം അവസാനിപ്പിച്ച് സ്ഥിരം നിയമനം നടത്തുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പി.എസ്.സി വഴി എത്ര പേരെ നിയമിച്ചു എന്നും ബാക്കിയുള്ള ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

120 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്ത് ഒട്ടാകെ എത്ര ബാറുകൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട്;

(സി) ഇവയ്ക്ക് ആവശ്യമായ മദ്യം നല്കുന്നത് ഏത് ഏജൻസി മുഖേനയാണ്;

(ഡി) 2011-12-ൽ വിതരണകേന്ദ്രങ്ങൾ വഴി മൊത്തം എത്ര മദ്യം വില്പന നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ബാർ ഹോട്ടലുകൾക്ക് ലൈസൻസ്</u>

121 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബാർ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നും ലൈസൻസിനായി ഇപ്പോൾ എത്ര അപേക്ഷകൾ പരിഗണനയിലുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ മദ്യ നയത്തിന്റെ ഭാഗമായി ഏതെങ്കിലും ബാർ ലൈസൻസ് പുതുക്കി നൽകാതിരുന്നിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ബാർ ഹോട്ടലിന് അനുമതി</u>

122

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ബാർ ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്; പുതിയതായി ഇത്തരം ലൈസൻസുകൾ നൽകുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ;

(ബി) എത്ര അപേക്ഷകളാണ് ഇപ്പോൾ സർക്കാരിന്റെ മുമ്പിലുള്ളത് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ബാർലൈസൻസ്

123 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകുന്നത് സംബന്ധിച്ച നയമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നയത്തോട് സംസ്ഥാനം യോജിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ബാർ ലൈസൻസുകളുടെ എണ്ണം</u>

124 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-11 കാലയളവിൽ സംസ്ഥാനത്ത് അനുവദിച്ച ബാർ ലൈസൻസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പൊതുജന പരാതിമൂലം ഏതെങ്കിലും ബാറുകൾക്ക് നൽകിയ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോ ;

(സി) ദൂരപരിധി പാലിക്കാത്ത ഏതെങ്കിലും ബാറുകൾ ഇവയിൽ ഉൾപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ലൈസൻസും പെർമിറ്റും പുതുക്കൽ

125 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാർച്ച് 30, 31 തീയതികളിലായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് പുതുക്കി നൽകിയ ഷാപ്പ് ലൈസൻസ്, അന്തർ ജില്ലാ കള്ള് കടത്ത് പെർമിറ്റ് എന്നിവയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഷാപ്പ് ലൈസൻസും കള്ള്കടത്ത് പെർമിറ്റും പുതുക്കി നൽകുന്നതിന് മുൻപ് എന്തൊക്കെ പരിശോധനകളാണ് നടത്തേണ്ടത്;

(സി) പ്രസ്തുത പരിശോധനകൾക്ക് ശേഷമാണോ അവ പുതുക്കി നൽകിയത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

സഞ്ചരിക്കുന്ന കള്ളു പരിശോധനാ ലാബോറട്ടറി

126 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് പരിശോധനയ്ക്കായുള്ള സഞ്ചരിക്കുന്ന ലാബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചുവോ; ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത ലാബിന്റെ പ്രവർത്തന രീതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ലാബോറട്ടറിയിലെ പരിശോധനയിൽ ഏതെല്ലാം ഷാപ്പുകളിൽ നിന്നു ലഭിച്ച സാമ്പിൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ട്?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കള്ള് പരിശോധന സംവിധാനം</u>

127 ശ്രീ. എം.എ. വാഹിദ്.
,, ബെന്നി ബെഹനാൻ
,, വി.റ്റി. ബൽറാം
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളു പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളത്;

(ബി) പ്രസ്തുത ആവശ്യത്തിനായി മൊബൈൽ ലാബുകൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ കൈക്കൊണ്ടിട്ടുളള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷന്റെ കുന്ദമംഗലം ഡിപ്പോ മാറ്റുന്നതിന് നടപടി</u>

128 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ ബിവറേജസ് കോർപ്പറേഷന്റെ ഡിപ്പോ നഗര മദ്ധ്യത്തിൽനിന്ന് മാറ്റി സ്ഥാപിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>അബ്കാരി കേസ്സുകളുടെ തീർപ്പ്</u>

129 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അബ്കാരി കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) എക്സൈസ് വകുപ്പിൽ മൊബൈൽ ലാബുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മദ്യം കടത്തുന്നതിന് ഉപയോഗിച്ച വാഹനങ്ങൾ

130 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മദ്യം കടത്തുന്നതിന് ഉപയോഗിച്ച എത്ര വാഹനങ്ങൾ എക്സൈസ് വകുപ്പിന്റെ കസ്റ്റഡിയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ കേസ് നടപടികൾ പൂർത്തീകരിച്ചവ എത്ര ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തിവരുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പാലക്കാട് മുതലമടയിലെ സ്വകാര്യ ഡിസ്റ്റിലറി</u>

131 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഡിസ്റ്റിലറി അനുവദിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മദ്യ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതരത്തിൽ ഡിസ്റ്റിലറിക്ക് അനുമതി കൊടുത്ത നടപടി പിൻവലിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡിസ്റ്റിലറിയ്ക്ക് അനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങളും കലണ്ടർ ഓഫ് ആക്ഷനും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ എക്സൈസ് റേഞ്ച് ഓഫീസ്</u>

132 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ പഞ്ചായത്തിൽ കോടാലിയിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>എക്സൈസ് ഇൻസ്പെക്ടർ നിയമനം</u>

133 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളാണ് ഉള്ളത്; നിലവിൽ എത്ര പേർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്തുമ്പോൾ പി.എസ്.സി.മുഖേനയും പ്രമോഷൻ വഴിയും ഏത് അനുപാതത്തിലാണ് നിയമനം നടത്തുന്നത് ;

(സി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവിൽ പ്രമോഷൻ മുഖേന നിയമനം നൽകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസിലെ ജീവനക്കാരന്റെ മരണം

134 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസിലെ ജീവനക്കാരൻ ആഫീസ് പരിസരത്ത് വച്ച് പാമ്പ് കടിയേറ്റ് മരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ബി) സ്ഥലപരിമിതിയും കാടുമൂൾപ്പെട്ടതുമായ ആഫീസ് ചുറ്റുപാടും മരണത്തിന് കാരണമായിട്ടുണ്ടോ;

(സി) ശിലാസ്ഥാപനം നടത്തിയ നിർദ്ദിഷ്ട കൊട്ടാരക്കര എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>എക്സൈസ് കമ്മീഷണറുടെ ഉത്തരവിന്റെ വിശദാംശം</u>

135 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ എക്സ് ഡി3-1096/10 എന്ന നമ്പറിൽ എക്സൈസ് കമ്മീഷണറുടേതായ ഉത്തരവ് ഇറങ്ങിയിരുന്നുവോ; ഇതിന്റെ ഉള്ളടക്കം എന്തായിരുന്നു;

(ബി) പ്രസ്തുത ഉത്തരവ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?